പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം


## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2428
## 06.12.2018 ൽ മറുപടി നൽകേണ്ടത്

## സാമൂഹ്യ സുരക്ഷ പെൻഷൻ


**ചോദ്യം**
ശ്രീ. പി കെ ബഷീർ

**മറുപടി**
ഡോ.ടി.എം തോമസ് ഐസക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി


| | ചോദ്യം | മറുപടി |
|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ എത്ര രൂപ നൽകിയിട്ടുണ്ട്; എത്ര നാളത്തെ പെൻഷൻ ഇപ്പോൾ കുടിശ്ശികയായിട്ടുണ്ട്; പെൻഷൻ വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ 12466.91 കോടി രൂപ നൽകിയിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് കുടിശികയാക്കിയ 1473.67 കോടി രൂപ പെൻഷൻ സർക്കാർ അധികാരത്തിലെത്തിയപ്പോൾ കൊടുത്തു തീർത്തിട്ടുണ്ട്. 2018 ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, നവംബർ എന്നീ 4 മാസങ്ങളിലെ പെൻഷൻ കുടിശ്ശികയായിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന സമയം 600 രൂപയായിരുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ ആദ്യം 1000 രൂപയും തുടർന്ന് 1100 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. 80%ഉം അതിന് മുകളിലും വൈകല്യമുള്ള ഇന്ദിരാഗാന്ധി ദേശിയ വികലാംഗപെൻഷൻ ഗുണഭോക്താക്കൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ 1300 ആയും വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) | മുൻ സർക്കാർ കാലയളവിൽ പുതിയതായി കൊണ്ടുവന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഏതെല്ലാമാണെന്നും അവ ഒരോ വിഭാഗത്തിലും | മുൻ സർക്കാർ കാലയളവിൽ പുതിയതായി കൊണ്ടു വന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഇല്ല. |

<table>
<tr><td></td><td>എത്രപേർക്ക് നൽകിയിരുന്നെന്നും നൽകിയിരുന്ന തുക എത്രയെന്നും വിഭാഗം തിരിച്ച് വിശദവിവരം ലഭ്യമാക്കുമോ;</td><td></td></tr>
<tr><td>(സി)</td><td>ഈ സർക്കാർ കാലയളവിൽ നാളിതുവരെ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവർ എത്രയെന്നും ഇതിൽ അനധികൃതമായി ഒഴിവാക്കപ്പെട്ടവർ എത്രയെന്നും പുതിയതായി എത്രപേർക്ക് പെൻഷൻ അനുവദിച്ചെന്നും ഓരോ വിഭാഗത്തിനും എത്ര തുകയുടെ വർദ്ധനവ് നൽകിയെന്നും വിഭാഗം തിരിച്ച് വിശദവിവരം നൽകുമോ;</td><td>ഈ സർക്കാർ കാലയളവിൽ നാളിതു വരെ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവർ 4469565 ആണ് ഉള്ളത് ഇതിൽ അനധികൃതമായി ഒന്നിൽ കൂടുതൽ പെൻഷൻ കൈപ്പറ്റിവന്നിരുന്ന 13272 പേരെ ഒഴിവാക്കിയിട്ടുണ്ട്. പുതിയതായി 1026151 പേർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ട്.
<table>
<tr><th>പെൻഷൻ ഇനം</th><th>ഉപവിഭാഗം</th><th>ഈ സർക്കാർ അധികാരമേൽക്കുമ്പോൾ നിരക്ക്</th><th>ഇപ്പോഴത്തെ നിരക്ക്</th></tr>
<tr><td>ഇന്ദിരാഗാന്ധി ദേശിയ വാർദ്ധക്യകാല പെൻഷൻ</td><td>75 വയസ്സുവരെ</td><td>600</td><td>1100</td></tr>
<tr><td></td><td>75 വയസ്സിന് മുകളിൽ</td><td>1500</td><td>1500</td></tr>
<tr><td>ഇന്ദിരാഗാന്ധി ദേശിയ വികലാംഗ പെൻഷൻ</td><td>80% ത്തിന് താഴെ വൈകല്യമുള്ളവർ</td><td>800</td><td>1100</td></tr>
<tr><td></td><td>80% ഉം അതിന് മുകളിലും വൈകല്യമുള്ളവർ</td><td>1100</td><td>1300</td></tr>
<tr><td>ഇന്ദിരാഗാന്ധി ദേശിയ വിധവാ പെൻഷൻ</td><td></td><td>800</td><td>1100</td></tr>
<tr><td>50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ</td><td></td><td>800</td><td>1100</td></tr>
<tr><td>കർഷക തൊഴിലാളി പെൻഷൻ</td><td></td><td>600</td><td>1100</td></tr>
</table></td></tr>
<tr><td>(ഡി)</td><td>സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നതിനുള്ള മാനദണ്ഡങ്ങളുടെ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ</td><td>1) സ.ഉ (എം എസ്)നം. 483/2017/ധന തീയതി 18/11/2017<br>2) സ.ഉ (എം എസ്) നം.241/2018/ധന തീയതി 06/07/2018<br>3) സ.ഉ (എം എസ്)നം. 278/2018/ധന തീയതി 03/08/2018</td></tr>
</table>

| | | |
|---|---|---|
| (ഇ) | നിരവധി അനർഹർ സാമൂഹ്യ സുരക്ഷാ പെൻഷൻ അനധികൃതമായി വാങ്ങുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവരെ കണ്ടെത്താനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും ആയതിൽ എത്ര പേരെ ഒഴിവാക്കിയെന്നും അവരിൽ നിന്നും ഇതുവരെ കൈപ്പറ്റിയ തുക തിരികെ വാങ്ങാൻ സ്വീകരിച്ച നടപടികൾ എന്തെക്കെയെന്നും വിശദമാക്കുമോ? | ഉണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ സമഗ്രമായ വിവരശേഖരണം നടത്തുന്നതിന് സർവ്വേ നടത്തുന്നതിനായി സർക്കാർ തീരുമാനം എടുത്തിട്ടുണ്ട്. പ്രാദേശിക സർക്കാർ തലത്തിൽ അനർഹർ പെൻഷൻ വാങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 13272 വ്യക്തികളെ അനർഹമായി പെൻഷൻ കൈപ്പറ്റുന്നതായി കണ്ടെത്തി ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ അനർഹമായി കൈപ്പറ്റിയ തുക തിരികെ ഒടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് പ്രാദേശിക സർക്കാരുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ് - സാമൂഹ്യ സുരക്ഷ പെൻഷൻ - മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

**ധനകാര്യ (എസ് എഫ് സി -ബി ) വകുപ്പ്**

സ ഉ ( എം എസ്)നം.483 /2017/ധന തിരുവനന്തപുരം തിയതി 06.11.2017

പരാമർശം :- 1. 15/07/2016 തിയതിയിലെ സ ഉ ( എം എസ് ) 282/2016/ധന ഉത്തരവ്

2.15/08/2016 തിയതിയിലെ സ ഉ ( എം എസ് ) 324/2016/ധന ഉത്തരവ്

3 .08/11/2016 തിയതിയിലെ സ ഉ ( എം എസ് ) 437/2016/ധന ഉത്തരവ്

4. 21/01/2017 തിയതിയിലെ സ ഉ ( എം എസ് ) 34/2017/ധന ഉത്തരവ്

5 . 06/02/2017 തിയതിയിലെ സ ഉ ( എം എസ് ) 67/2017/ധന ഉത്തരവ്

6 . 23/03/2017 തിയതിയിലെ സ ഉ ( എം എസ് ) 204/2017/ധന ഉത്തരവ്

7 . 01/08/2017 തിയതിയിലെ സ ഉ ( സാധാ ) 6060/2017/ധന ഉത്തരവ്

**ഉത്തരവ്**

സാമൂഹ്യ സുരക്ഷാ പെൻഷൻ 600 രൂപയിൽ നിന്ന് 1000 രൂപയായി വർദ്ധിപ്പിച്ച് കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവാകുകയും ഒരാൾക്ക് ഒരു പെൻഷൻ എന്ന് നിജപ്പെടുത്തുകയും ചെയ്തു. തുടർന്ന് പരാമർശം ( 6) പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ തുക 1000 ൽ നിന്ന് 1100 ആയി വർദ്ധിപ്പിച്ച് കൊണ്ടും ഉത്തരവായിരുന്നു. സംസ്ഥാനത്ത് സാവർത്രിക സാമൂഹ്യ സുരക്ഷാ പെൻഷൻ നടപ്പിലാക്കി പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷനും അതോടൊപ്പം ക്ഷേമനിധി ബോർഡ് പെൻഷനും ലഭിക്കുന്നതിനുള്ള അർഹതാ മാനദണ്ഡങ്ങൾ പരാമർശം (1) മുതൽ(5) വരെയുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

2. കേരളത്തിൽ നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്ന 42.5 ലക്ഷത്തോളം പേരും ക്ഷേമനിധി ബോർഡ് പെൻഷൻ വാങ്ങുന്ന 10 ലക്ഷത്തോളം പേരുമുണ്ട്.2011 ലെ സെൻസസ് കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 60 വയസ്സിൽ കൂടുതലുള്ള 42.28 ലക്ഷം പേരാണ് ഉള്ളത്. ഇതിൽ തന്നെ സർവ്വീസ് പെൻഷൻ ലഭിക്കുന്നവരുടേയും ഒരു ലക്ഷത്തിലധികം രൂപ വാർഷിക വരുമാനമുള്ളവരുടേയും എണ്ണം കുറയുകയും ചെയ്യുമ്പോൾ ഇപ്പോൾ സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപറ്റുന്നവരുടെ എണ്ണം വളരെ കൂടുതലാണെന്ന് വ്യക്തമാകുന്നു. സാമൂഹ്യ സുരക്ഷാ പെൻഷൻ തുക ഗണ്യമായി ഉയർത്തിയിട്ടുള്ള സാഹചര്യത്തിൽ അർഹരായ വ്യക്തികൾക്ക് മാത്രമേ പെൻഷൻ ലഭിക്കുന്നുള്ളൂ എന്ന് ഉറപ്പ് വരുത്തേണ്ടത് വളരെ അത്യാവശ്യമാണ്. സാമൂഹ്യ സുരക്ഷാ പെൻഷന്റെ അർഹത മാനദണ്ഡങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും അത് പരിശോധിക്കുന്നത് പ്രാദേശിക

സർക്കാർ തലത്തിലാണ്. ഇത്തരത്തിൽ അപേക്ഷകന്റെ ഭൗതിക സാഹചര്യങ്ങൾ സർക്കാർ മാനദണ്ഡങ്ങൾക്ക് അനുസൃതമായി പരിശോധന നടത്തി അർഹരായ വ്യക്തികൾക്ക് പെൻഷൻ അനുവദിക്കേണ്ടത് സർക്കാരിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് അത്യാവശ്യമാണ്. ഇത് കൃത്യമായി ഉറപ്പ് വരുത്തേണ്ട ഉത്തരവാദിത്വം പ്രാദേശിക സർക്കാരുകളിൽ നിക്ഷിപ്തമാണ്. പ്രസ്തുത സാഹചര്യത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നത് സംബന്ധിച്ച് ഇതിനകം പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾ സംയോജിപ്പിച്ചു കൊണ്ടും പുതിയ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടും താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു :

I)അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയരുത്.

II)അപേക്ഷകൻ സർവ്വീസ് പെൻഷണർ ആകരുത്.

iii)അപേക്ഷകൻ ആദായനികുതി നൽകുന്ന ആളാകരുത്.

iv)അപേക്ഷകന്റെ പേരിലോ കുടുംബത്തിന്റെ പേരിലോ രണ്ടേക്കറിൽ കൂടുതൽ വസ്തു ഉണ്ടാകരുത്. (പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്ക് ഇത് ബാധകമല്ല)

v)ഒരാൾക്ക് ഒരു ക്ഷേമനിധി ബോർഡ് പെൻഷനു മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ.

vi) തനതു ഫണ്ട് ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധിബോർഡ് ഗുണഭോക്താക്കൾക്ക് മറ്റൊരു സാമൂഹ്യ സുരക്ഷാപെൻഷൻ സാധാരണനിരക്കിൽ ലഭിക്കുന്നതാണ്.

vii) തനതു ഫണ്ട് ഉപയോഗിച്ച് പെൻഷൻ നൽകുന്നതൊഴികെയുള്ള ക്ഷേമനിധി ബോർഡ് ഗുണഭോക്താക്കൾ ക്ഷേമനിധി പെൻഷനൊപ്പം സാമൂഹ്യ സുരക്ഷാ പെൻഷനും വാങ്ങുകയാണെങ്കിൽ ക്ഷേമനിധിപെൻഷൻ അതത് കാലങ്ങളിൽ നിലവിലുള്ള സാധാരണ നിരക്കിലും സാമൂഹ്യ സുരക്ഷാപെൻഷൻ 600 രൂപ നിരക്കിലും ലഭിക്കാൻ അർഹതയുണ്ടായിരിക്കും. 06/02/2017 നുമുൻപ് രണ്ട് പെൻഷനും വാങ്ങിവരുന്നവർക്കാണ് രണ്ടു പെൻഷനും ലഭിക്കാൻ അർഹതയുള്ളത്. 06/02/2017 മുതൽ പുതിയ അപേക്ഷകർക്ക് ഏതെങ്കിലും ഒരു പെൻഷന് (ക്ഷേമനിധി ബോർഡ് പെൻഷനോ സാമൂഹ്യ സുരക്ഷാ പെൻഷനോ) മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ.

viii)ഇ.പി.എഫ് പെൻഷനർമാർക്ക് ഇ.പി.എഫ് പെൻഷനു പുറമെ സാധാരണനിരക്കിൽ ഒരു സാമൂഹ്യസുരക്ഷാ പെൻഷനോ അല്ലെങ്കിൽ ഒരു ക്ഷേമനിധി ബോർഡ് പെൻഷനോ അർഹതയുണ്ടായിരിക്കും.

ix)75 വയസ്സ് കഴിഞ്ഞവർക്ക് വാർദ്ധക്യകാല പെൻഷൻ ഉയർന്ന നിരക്കിൽ തുടർന്നും ലഭിക്കുന്നതാണ്.

x)വ്യത്യസ്ത പ്രാദേശിക സർക്കാരിൽ നിന്നും സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങാൻ പാടില്ല അതായത്, ഏതെങ്കിലും ഒരു പ്രാദേശിക സർക്കാരിൽ നിന്നും മാത്രമേ സാമൂഹ്യ സുരക്ഷാപെൻഷൻ വാങ്ങാവൂ.

xi)എല്ലാ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളും/അപേക്ഷകരും സ്വയം സാക്ഷ്യപ്പെടുത്തിയ ഒരു സത്യപ്രസ്താവന നൽകേണ്ടതാണ്. ഈ സത്യപ്രസ്താവനയിൽ താഴെപ്പറയുന്ന കാര്യങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്: (1) താൻ സർവ്വീസ് പെൻഷനർ അല്ല. (2) താൻ ആദായനികുതി നൽകുന്നില്ല (3) തന്റെയോ തന്റെ കുടുംബത്തിന്റെയോ പേരിൽ 2 ഏക്കറിൽ കൂടുതൽ ഭൂമിയില്ല (ഈ നിബന്ധന പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ബാധകമല്ല)

xii) പെൻഷൻ ഗുണഭോക്താക്കൾ/പുതിയ അപേക്ഷകർ ആധാർ നമ്പർ പ്രാദേശിക സർക്കാരിൽ ലഭ്യമാക്കണം. ആധാർ നമ്പർ ഇതുവരെ ലഭിച്ചിട്ടില്ലാത്തവരുടെ കാര്യത്തിൽ ഇക്കാര്യം പ്രാദേശിക സർക്കാരിലെ സെക്രട്ടറിക്ക് ബോധ്യമാകുന്ന പക്ഷം തെരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡോ , റേഷൻ കാർഡോ സ്വീകരിച്ച് കൊണ്ട് പെൻഷൻ നൽകാവുന്നതാണ്. ആധാർ നമ്പർ ലഭിക്കുന്നതുവരെ മാത്രമേ ഇത്തരത്തിലുള്ള ഇളവ് അനുവദിക്കുകയുള്ളൂ.

xiii) 85 വയസ്സ് കഴിഞ്ഞവർ, 80% ത്തിൽ അധികം ശാരീരിക മാനസിക വൈകല്യമുള്ളവർ, സ്ഥിരമായി രോഗശയ്യയിൽ കിടക്കുന്നവർ എന്നിവരുടെ കാര്യത്തിൽ ഇക്കാര്യം പ്രാദേശിക സർക്കാരിലെ സെക്രട്ടറിക്ക് ബോധ്യപ്പെടുന്നപക്ഷം ആധാർ നമ്പർ ഇല്ലാതെ തന്നെ പെൻഷൻ നൽകാവുന്നതാണ്.

xiv)വിധവാ പെൻഷൻ ലഭിക്കുന്നവർ എല്ലാ വർഷവും ഡിസംബർ മാസം താൻ പുനർവിവാഹം ചെയ്തിട്ടില്ല എന്ന് സ്വയം സാക്ഷ്യപ്പെടുത്തിയ ഒരു സാക്ഷ്യപത്രം ബന്ധപ്പെട്ട പ്രാദേശിക സർക്കാരിന്റെ സെക്രട്ടറിക്ക് നൽകേണ്ടതാണ്.

xv)ബാങ്ക് വഴി പെൻഷൻ വാങ്ങുന്നവർ എല്ലാവർഷവും ഡിസംബർ മാസം അക്ഷയ കേന്ദ്രങ്ങൾ വഴി മസ്റ്ററിംഗ് (mustering) നടത്തേണ്ടതാണ്.

xvi)ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷ പ്രാദേശിക സർക്കാരിൽ ലഭിച്ചാൽ അതിന്മേൽ സമഗ്രമായ അന്വേഷണം നടത്തി അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥൻ പ്രാദേശിക സർക്കാർ സെക്രട്ടറിക്ക് റിപ്പോർട്ട് നൽകി കഴിഞ്ഞ് സെക്രട്ടറി അതിന്മേൽ ക്രോസ് പരിശോധന നടത്തിയ ശേഷം മാത്രമേ അപേക്ഷ അംഗീകരിക്കാൻ പാടുള്ളൂ.

xvii)വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും മറ്റ് ഭൗതിക സാഹചര്യങ്ങളും പരിശോധിച്ച് അപേക്ഷകൻ യഥാർത്ഥത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കാൻ അർഹനാണെന്ന് പ്രാദേശിക സർക്കാർ സെക്രട്ടറിക്ക് ബോധ്യമായാൽ മാത്രമേ മറ്റ് നടപടി ക്രമങ്ങൾ പാലിച്ച് പെൻഷൻ അനുവദിക്കാൻ പാടുള്ളൂ

xviii)DBT Cell സാധുത (validation) നൽകുന്ന തിയതി മുതൽ മാത്രമേ ആദ്യ പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ടാകൂ.

xix)അനർഹരായ വ്യക്തികൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുകയാണെങ്കിൽ അപേക്ഷകനെക്കുറിച്ച് പ്രാഥമിക അന്വേഷണം നടത്തിയ ഉദ്യോഗസ്ഥനും പ്രാദേശിക സർക്കാർ സെക്രട്ടറിയും സർക്കാരിന് സാമ്പത്തിക നഷ്ടം വരുത്തിയതിന് തുല്യ ബാധ്യസ്ഥരായിരിക്കും. ഇതുമായി ബന്ധപ്പെട്ട് സർക്കാരിന് ഉണ്ടാകുന്ന നഷ്ടം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കുന്നതാണ്.

xx)ഇത്തരത്തിൽ സർക്കാരിനെ കബളിപ്പിച്ച് സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്ന വ്യക്തികളിൽ നിന്ന് പ്രസ്തുത തുക നിയമാനുസരണം സമയബന്ധിതമായി തന്നെ ഈടാക്കുന്നതും, ഇത്തരക്കാർക്ക് ഭാവിയിൽ സർക്കാരിൽ നിന്നും യാതൊരു വിധ ആനുകൂല്യങ്ങൾക്കും ( സാമൂഹ്യ സുരക്ഷാ പെൻഷൻ ഉൾപ്പെടെ) അർഹത ഉണ്ടായിരിക്കുന്നതുമല്ല.

3) പരാമർശം (1),(2),(3),(4),(5) എന്നീ സർക്കാർ ഉത്തരവുകൾ ഇത്തരത്തിൽ ഭേദഗതി ചെയ്യുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മനോജ് ജോഷി ഐ എ എസ്**

**പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്എസ്എ) തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി,തദ്ദേശ സ്വയം ഭരണ വകുപ്പ്

ട്രഷറി ഡയറക്ടർ ,തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ ,തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ ,തിരുവനന്തപുരം

സഹകരണ സംഘം രജിസ്ട്രാർ

തദ്ദേശ സ്വയം ഭരണ (ഡി സി )വകുപ്പ്

ഇൻഫർമേഷൻ ഓഫീസർ , വെബ് & ന്യൂ മീഡിയ വിഭാഗം ,വിവര പൊതു ജന സമ്പർക്ക വകുപ്പ്

ഇൻഫർമേഷൻ കേരള മിഷൻ ,തിരുവനന്തപുരം

നോഡൽ ഓഫീസർ ,ധനകാര്യ വകുപ്പ് (www.finance.kerala.gov.in)

കരുതൽ ശേഖരം /ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ്-സാമൂഹ്യ സുരക്ഷാ പെൻഷൻ നിലവിൽ പെൻഷൻ വാങ്ങുന്നവരുടെ പരിശോധനയും പെൻഷൻ മാനദണ്ഡങ്ങളുടെ പരിഷ്കരണവും – പുതിയ അപേക്ഷകർക്ക് ഡാറ്റാ എൻട്രി അനുവദിക്കലും –അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു-

---

**ധനകാര്യ (എസ്.എഫ്.സി. സെൽ - ബി) വകുപ്പ്**

സ.ഉ.(എം എസ് ) നം. 241/2018/ധന. തീയതി, തിരുവനന്തപുരം, 06/07/2018

---

പരാമർശം :- 1) 21-06-2018 ലെ ബഹു ധനകാര്യ വകുപ്പ മന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ മിനിട്സ്

2) 25-05-2017 ലെ 460587/2017/ധന നമ്പർ സർക്കുലർ

3) 06-11-2017 ലെ സ.ഉ(എം എസ്)നം. 483/2017/ധന നമ്പർ സർക്കാർ ഉത്തരവ്

<u>**ഉത്തരവ്**</u>

നിലവിൽ സംസ്ഥാനത്ത് 42.14 ലക്ഷം പേർ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങി വരുന്നുണ്ട്. നിരവധി പേർ മരണപ്പെടുകയോ തിരോധാനം ചെയ്യപ്പെടുകയോ ചെയ്തിട്ടുണ്ട്. വിധവാ പെൻഷൻ വാങ്ങുന്നവരിൽ കുറേ പേർ പുനർ വിവാഹിതരായിട്ടുമുണ്ട് . ഇവർക്ക് ലഭിച്ചിരുന്ന/ലഭിച്ചു കൊണ്ടിരിക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ നിർത്തലാക്കേണ്ടതുണ്ട് . സംസ്ഥാനത്തെ സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ പുതിയ അപേക്ഷകരുടെ ഡാറ്റാ എൻട്രി പരാമർശം രണ്ടു പ്രകാരം താത്കാലികമായി നിർത്തി വച്ച് നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. നിലവിൽ ഏകദേശം 3.40 ലക്ഷം പുതിയ അപേക്ഷകൾ ഡാറ്റാ എൻട്രി ചെയ്യാൻ പ്രാദേശിക സർക്കാരുകളിൽ അവശേഷിക്കുന്നുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്ക് ചില അർഹതാ മാനദണ്ഡങ്ങൾ കൂടി ഉൾക്കൊള്ളിക്കുമെന്ന് 2018-19 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിക്കുകയും താഴെപ്പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.

I) നിലവിലുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ മഹിളാ പ്രധാൻ/ എസ്എഎസ് ഏജന്റുമാർ മുഖേന പരിശോധിക്കുന്നതാണ്.

II) പരിശോധനയ്ക്ക് ആവശ്യമായ ടാബുകൾ മഹിളാ പ്രധാൻ/എസ്എഎസ് ഏജന്റുമാർക്ക് സർക്കാർ ലഭ്യമാക്കുന്നതാണ്.

III) പരിശോധനയ്ക്കായി 10331 എണ്ണം ടാബുകൾ ആവശ്യമാണ്. കേരള സ്റ്റേറ്റ് ഐടി മിഷൻ ഇതിനകം തന്നെ വാങ്ങുന്നതിനായി നടപടി സ്വീകരിച്ചിട്ടുള്ള 2650 എണ്ണം ടാബുകൾ ഈ ആവശ്യത്തിനായി ഉപയോഗിക്കുന്നതാണ്. ആവശ്യമായ ബാക്കി 7681 ടാബുകൾ നടപടി ക്രമങ്ങൾ പാലിച്ച് വാങ്ങുന്നതിനുള്ള നടപടികൾ കേരള സ്റ്റേറ്റ് ഐടി മിഷൻ സ്വീകരിക്കേണ്ടതാണ്.

IV) ടാബിൽ 4 ജി കണക്ഷൻ ഇൻബിൽറ്റ് ആയിരിക്കേണ്ടതും വിരലടയാളം (Fingerprint)/കൃഷ്ണമണി വച്ച് (iris) ആധാർ സാധൂകരണം നടത്താൻ സൗകര്യം ഉണ്ടായിരിക്കുകയും വേണം.

V) ടാബുകളിൽ ഉപയോഗിക്കുന്നതിലേക്ക് ആവശ്യമായ സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിലേക്കും ഇത്തരത്തിൽ ടാബിൽ ഉൾപ്പെടുന്ന വിവരങ്ങൾ സേവന സോഫ്റ്റ്

വെയറിൽ അപ്പോൾ തന്നെ അപ് ലോഡ് ചെയ്യപ്പെടുന്ന രീതിയിൽ ക്രമീകരണം നടത്തുന്നതിലേക്കും ഇൻഫർമേഷൻ കേരള മിഷനെ ചുമതലപ്പെടുത്തുന്നു. രേഖപ്പെടുത്തുന്ന വിവരങ്ങൾ അപ്പോൾ തന്നെ നിരീക്ഷണം (Monitoring) നടത്തുന്നതിന് സഹായകമായ ഒരു ഡാഷ് ബോർഡും ഇൻഫർമേഷൻ കേരള മിഷൻ സൃഷ്ടിക്കേണ്ടതാണ്.

VI) പരിശോധനയുടെ കൃത്യത ഉറപ്പ് വരുത്തുന്നതിലേക്ക് തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമ പഞ്ചായത്തിൽ ട്രയൽ റൺ നടത്തുന്നതാണ്.

VII) പരിശോധനയ്ക്ക് നിയമിക്കപ്പെട്ട മഹിളാ പ്രധാൻ / എസ് എ എസ് ഏജന്റുമാരുടെ ലിസ്റ്റ് ദേശീയ സമ്പാദ്യ പദ്ധതി ഡയറക്ടർ ലഭ്യമാക്കേണ്ടതാണ്. ടി ഏജന്റുമാർക്ക് ആവശ്യമായ പരിശീലനം ഐടി മിഷൻ നൽകുന്നതാണ്.

VIII) പരിശോധനയ്ക്ക് നിയമിക്കപ്പെടുന്ന മഹിളാ പ്രധാൻ / എസ് എ എസ് ഏജന്റുമാരുടെ ബ്ലോക്ക് തലത്തിലുള്ള മേൽ നോട്ട ചുമതല ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്കും മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷൻ തലത്തിലുള്ള മേൽനോട്ട ചുമതല എൻഎസ്ഡി അസിസ്റ്റന്റ് ഡയറക്ടർ/ഡെപ്യൂട്ടി ഡയറക്ടർക്കുമായിരിക്കുന്നതുമാണ്.

IX) മഹിളാ പ്രധാൻ/എസ് എ എസ് ഏജന്റുമാർ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, എൻ എസ് ഡി അസിസ്റ്റന്റ് ഡയറക്ടർ /ഡെപ്യൂട്ടി ഡയറക്ടർ എന്നിവർക്കുള്ള ലോഗ് ഇൻ വിശദാംശങ്ങൾ ഐകെഎം ലഭ്യമാക്കുന്നതായിരിക്കും.

X) ഗുണഭോക്താവിന്റെ വിവരങ്ങൾ കൃത്യമായി പരിശോധിച്ച് ടാബിൽ രേഖപ്പെടുത്തേണ്ടത് മഹിളാപ്രധാൻ/എസ്എഎസ് ഏജന്റുമാരുടെ ഉത്തരവാദിത്വം ആയിരിക്കും.ഇതിൽ വീഴ്ച വരുത്തിയാൽ ഇക്കാര്യം സർക്കാർ ഗൗരവമായി വീക്ഷിക്കുന്നതായിരിക്കും.

2. നിലവിലുള്ള ഗുണഭോക്താക്കളുടെ ആധാർ സാധൂകരണം നടത്തേണ്ടതാണ്. സാധൂകരണം നടത്താൻ കഴിയാത്തവർക്ക് ഇതു സംബന്ധിച്ച വ്യക്തമായ രേഖകൾ ഹാജരാക്കാൻ നിർദ്ദേശം നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രാദേശിക സർക്കാർ സെക്രട്ടറി സാധൂകരണം ചേയ്യേണ്ടതുമാണ്.

3. സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്കുള്ള പുതിയ അപേക്ഷകൾക്ക് ഡാറ്റാ എൻട്രി അനുവദിക്കുന്നു. നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നവർക്ക് പരാമർശം(3) പ്രകാരമുള്ള അർഹതാ മാനദണ്ഡങ്ങളിൽ യാതൊരു വിധ മാറ്റങ്ങളും ഇല്ല. പുതിയ അപേക്ഷകർക്ക് നിലവിലുള്ള മാനദണ്ഡങ്ങൾക്കുപുറമേ താഴെപ്പറയുന്ന (I) മുതൽ (IV) വരെയുള്ള നിബന്ധനകൾ കൂടി ബാധകമായിരിക്കും.

   I) 1200 ചതുരശ്ര അടിയിൽ കൂടുതൽ വലിപ്പമുള്ള വീടുകളിൽ താമസിക്കുന്നവർ,1000 CC യിൽ കൂടുതൽ എൻജിൻ കപ്പാസിറ്റിയുള്ള ടാക്സി അല്ലാതെയുള്ള വാഹനങ്ങൾ സ്വന്തമായിട്ടുള്ളവർ എന്നിവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷന് അർതയുണ്ടായിരിക്കുന്നതല്ല.

   II) പുതിയ അപേക്ഷകർക്ക് ഒരു പെൻഷന് മാത്രമേ (ക്ഷേമനിധി ബോർഡ്/ സാമൂഹ്യ സുരക്ഷാ പെൻഷൻ) അർഹത ഉണ്ടാകുകയുള്ളൂ. എന്നാൽ വികലാംഗ പെൻഷൻ ലഭിക്കുന്നർക്ക് അർഹതാ മാനദണ്ഡങ്ങൾക്കു വിധേയമായി മറ്റൊരു പെൻഷൻ കൂടി 600 രൂപ നിരക്കിൽ ലഭിക്കാൻ അർഹത ഉണ്ടായിരിക്കും.

   III) പൊതു മേഖല സ്ഥാപനങ്ങളിൽ നിന്ന് വിരമിക്കുകയും ടി സ്ഥാപനത്തിലെ സ്കീം പ്രകാരം പെൻഷൻ ലഭിക്കുകയും ചെയ്യുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

   IV) നിലവിൽ തനതു ഫണ്ടുപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡിൽ നിന്ന് പെൻഷൻ വാങ്ങുന്നവർക്ക് (പുതിയ അപേക്ഷകർക്ക്) ഏതെങ്കിലുമൊരു സാമൂഹ്യ സുരക്ഷാ പെൻഷൻ അർഹതാ മാനദണ്ഡങ്ങൾക്കു വിധേയമായി 600

രൂപ നിരക്കിൽ മാത്രമേ ലഭിക്കുകയുള്ളൂ. ഇപിഎഫ് പെൻഷൻ ലഭിക്കുന്നവർക്ക്(പുതിയ അപേക്ഷകർക്ക്)ഏതെങ്കിലുമൊരു സാമൂഹ്യ സുരക്ഷാ പെൻഷൻ/ക്ഷേമനിധി ബോർഡ് പെൻഷൻ അർഹതാ മാനദണ്ഡങ്ങൾക്കു വിധേയമായി 600/ രൂപ നിരക്കിൽ മാത്രമേ ലഭിക്കുകയുള്ളൂ.

V) സാമൂഹ്യ സുരക്ഷാ പെൻഷനുള്ള പുതിയ അപേക്ഷകളുടെ ഡാറ്റാ എൻട്രി പരിഷ്കരിച്ച മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാത്രം വേണം പ്രാദേശിക സർക്കാർ സെക്രട്ടറിമാർ നടത്തേണ്ടത്.

VI) പുതിയ അപേക്ഷകളിൽ ആധാർ സാധൂകരണം നടത്തിക്കഴിഞ്ഞാൽ മാത്രമേ ഡാറ്റാ എൻട്രി തുടർന്നു നടത്തുവാൻ കഴിയുകയുള്ളൂ. ഇതിനനുസൃതമായി സേവന സോഫ്റ്റ് വെയറിൽ ഇൻഫർമേഷൻ കേരള മിഷൻ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്.

VII) മുകളിൽ 3 (I) മുതൽ (IV) വരെ)പരാമർശിച്ച മാനദണ്ഡങ്ങൾ പ്രകാരം പ്രാദേശിക സർക്കാരുകളിൽ ലഭിച്ച അപേക്ഷകളിൽ നിലവിൽ യാതൊരുവിധ പെൻഷനും (സാമൂഹ്യ സുരക്ഷ/ക്ഷേമനിധി/ഇപിഎഫ്/പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുള്ള പെൻഷൻ മുതലായവ ഉൾപ്പെടെ) ലഭിക്കാത്തവരുടെ അപേക്ഷകൾ മാത്രം ഡാറ്റാ എൻട്രി നടത്തുന്നതിന് അനുമതി നൽകുന്നു. രണ്ടാമത്തെ പെൻഷനുള്ള അപേക്ഷകൾ പിന്നീട് പരിഗണിക്കുന്നതാണ്.

VIII) അപേക്ഷകൾ സൂക്ഷ്മമായി പരിശോധിക്കാതെ, അനർഹമായി പെൻഷൻ അനുവദിക്കുകയാണെങ്കിൽ അത്തരത്തിൽ സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കിയതിന് ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയും അന്വേഷണം നടത്തിയ ഉദ്യോഗസ്ഥനും ബാധ്യസ്ഥരായിരിക്കും.

IX) നിരസിച്ച പുതിയ അപേക്ഷകൾ സംബന്ധിച്ച അപ്പീലുകൾ അദാലത്തുകൾ വഴി പരിശോധിച്ച് തീർപ്പ കൽപ്പിക്കുന്നതാണ്. ഇതിന്റെ വിശദാംശങ്ങൾ പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

4. നിലവിലുള്ള ഗുണഭോക്താക്കളുടെ മസ്റ്ററിംഗ് നടത്തുന്നതിനാവശ്യമായ സോഫ്റ്റ് വെയർ എൻ ഐ സി തയ്യാറാക്കുന്നതായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**മനോജ് ജോഷി**

**പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ , തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ തിരുവനന്തപുരം
ഡയറക്ടർ , ദേശീയ സമ്പാദ്യ പദ്ധതി , തിരുവനന്തപുരം
ഡയറക്ടർ , ഗ്രാമ വികസന വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, കേരള ഐ ടി മിഷൻ
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും ( പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

എല്ലാ മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ സെക്രട്ടറിമാർക്കും ( നഗരകാര്യ ഡയറക്ടർ മുഖാന്തിരം)

എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും ( ഗ്രാമ വികസന വകുപ്പ് ഡയറക്ടർ മുഖാന്തിരം)

ദേശിയ സമ്പാദ്യ പദ്ധതിയിലെ എല്ലാ അസ്സിസ്റ്റന്റ് / ഡെപ്യൂട്ടി ഡയറക്ടർകാർക്കും ( ദേശീയ സമ്പാദ്യ പദ്ധതി ഡയറക്ടർ മുഖാന്തിരം)

തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്.

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)

ബിൽ/കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ.

**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ്-സാമൂഹ്യ സുരക്ഷാ പെൻഷൻ - നിലവിൽ പെൻഷൻ വാങ്ങുന്നവരുടെ അർഹതാമാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു -

**ധനകാര്യ (എസ്.എഫ്.സി. സെൽ - ബി) വകുപ്പ്**

സ.ഉ.(എം എസ് ) നം.278/2018/ധന. തീയതി, തിരുവനന്തപുരം, 03/08/2018

പരാമർശം :-1 ) 21-06-2018 ലെ ബഹു ധനകാര്യ വകുപ്പ മന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ മിനിട്സ്

2) 25-05-2017 ലെ 460587/2017/ധന നമ്പർ സർക്കുലർ

3) 06-11-2017 ലെ സ.ഉ(എം എസ്)നം. 483/2017/ധന നമ്പർ സർക്കാർ ഉത്തരവ്

4) 06-07-2018 ലെ സ.ഉ(എം എസ്)നം. 241/2018/ധന നമ്പർ സർക്കാർ ഉത്തരവ്

<u>**ഉത്തരവ്**</u>

സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിലെ അനർഹരെ ഒഴിവാക്കുന്നതിന്റെ ഭാഗമായി സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്ക് ചില മാനദണ്ഡങ്ങൾ കൂടി ഉൾക്കൊള്ളിക്കുമെന്ന് 2018-19 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതനുസരിച്ച് നിലവിലുള്ള മാനദണ്ഡങ്ങൾക്ക് പുറമേ അധികമായി ചില മാനദണ്ഡങ്ങൾ കൂടി പരാമർശം (4) സർക്കാർ ഉത്തരവിലെ ഖണ്ഡിക 3 (i) മുതൽ (iv) പ്രകാരം ഉൾപ്പെടുത്തുകയുണ്ടായി. ഇത്തരത്തിൽ പുതുതായി ഉൾപ്പെടുത്തിയ അർഹതാമാനദണ്ഡങ്ങൾ പുതിയ പെൻഷൻ അപേക്ഷകർക്കാണ് ബാധമാകുന്നതെന്നും ഉത്തരവായിരുന്നു. എന്നാൽ നിലവിൽ പെൻഷൻ വാങ്ങിവരുന്ന ഗുണഭോക്താക്കളിൽ അനേകം പേർ വളരെ വില കൂടിയതും 1000 CC യിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള വാഹനങ്ങളും സ്വന്തമായുള്ളവരാണെന്നും ഇത്തരകാർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ തുടർന്നും അനുവദിക്കുന്നത് സാമൂഹ്യ സുരക്ഷാ പെൻഷന്റെ ഉദ്ദേശ്യത്തെ തന്നെ സാധൂകരിക്കുന്നതല്ല എന്നുമുള്ള വിവരങ്ങൾ സർക്കാരിൽ ലഭിച്ച് കൊണ്ടിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിൽ പെൻഷൻ ലഭിച്ച് കൊണ്ടിരിക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾക്ക് ചുവടെ ചേർത്തിരിക്കുന്ന അർഹതാ മാനദണ്ഡങ്ങൾ കൂടി ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

( i ) 1000 സി സി യിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള, ടാക്സിയല്ലാത്ത, 4 ചക്ര വാഹനങ്ങൾ സ്വന്തമായുള്ള ഗുണഭോക്താക്കൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ തുടർന്ന് ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല. അത്തരക്കാരെ ഡേറ്റാ ബേസിൽ നിന്ന് ഒഴിവാക്കാൻ അതാത് പ്രാദേശിക സർക്കാർ സെക്രട്ടറിമാർ നടപടി സ്വീകരിക്കേണ്ടതാണ്

(II) 4 ചക്രത്തിൽ കൂടുതൽ ചക്രങ്ങളുള്ള വാഹനങ്ങളുടെ ( ലോറി , ബസ്, ടെംപോ ട്രാവലർ തുടങ്ങിയവ ) ഉടമകൾക്കും സാമൂഹ്യ സുരക്ഷാ പെൻഷൻ തുടർന്ന് ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

(III ) അംബാസിഡർ കാർ ഉത്പാദനം നിർത്തിയിട്ട് നിരവധി വർഷങ്ങളായ സാഹചര്യത്തിൽ അംബാസിഡർ കാർ ഉടമകളെ പെൻഷൻ വാങ്ങുവാൻ അനുവദിക്കുന്നു.

3 ) നിലവിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ മുൻ ഖണ്ഡിക 2 (I) ,(II) വിഭാഗത്തിൽപ്പെടുന്നവരെ കണ്ടെത്തി ഡേറ്റാ ബേസിൽ നിന്ന് അടിയന്തിരമായി ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകുന്നു.

4) പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷവും അക്കാര്യം പ്രാദേശിക സർക്കാരിൽ അറിയിക്കാതെ അനന്തരാവകാശികൾ പെൻഷൻ വാങ്ങിവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ മരണപ്പെട്ട ഗുണഭോക്താക്കളെ സാമൂഹ്യ സുരക്ഷാ പെൻഷൻ ഡേറ്റാ ബേസിൽ നിന്ന് അടിയന്തിരമായി ഒഴിവാക്കാനും ഇത്തരത്തിൽ സർക്കാരിനെ കബളിപ്പിച്ച് അനർഹമായി തട്ടിയെടുത്ത തുക അനന്തരാവകാശികളിൽ നിന്ന് തിരിച്ച് പിടിച്ച് സർക്കാരിൽ മുതൽ കൂട്ടുവാനും പ്രാദേശിക സർക്കാർ സെക്രട്ടറിമാർക്ക് ഇതിനാൽ കർശന നിർദ്ദേശം നൽകുന്നു.

5) ഇത്തരത്തിൽ വാഹന ഉടമകളുടെ പെൻഷൻ സസ്പെന്റ് ചെയ്യപ്പെടുന്നതിനെ സംബന്ധിച്ച പരാതികൾ ഇതുമായി ബന്ധപ്പെട്ട് നടത്തുന്ന അദാലത്തിൽ പരിശോധിക്കുന്നതാണ്. അദാലത്തിന്റെ വിശദാംശങ്ങൾ പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

6 ) പരാമർശം (4) ലെ സർക്കാർ ഉത്തരവിലെ മറ്റ് വ്യവസ്ഥകൾ മാറ്റമില്ലാതെ തുടരുന്നതാണ്

7 ) പരാമർശം (4) ലെ സർക്കാർ ഉത്തരവ് ഇത്തരത്തിൽ ഭേദഗതി ചെയ്യുന്നു

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ് ഐ എ എസ്
ധനകാര്യ എക്സ്പെന്റിച്ചർ സെക്രട്ടറി

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ , തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ തിരുവനന്തപുരം
ഡയറക്ടർ , ദേശീയ സമ്പാദ്യ പദ്ധതി , തിരുവനന്തപുരം

ഡയറക്ടർ , ഗ്രാമ വികസന വകുപ്പ്

രജിസ്ട്രാർ , സഹകരണ വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, കേരള ഐ ടി മിഷൻ

എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും ( പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

എല്ലാ മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ സെക്രട്ടറിമാർക്കും ( നഗരകാര്യ ഡയറക്ടർ മുഖാന്തിരം)

എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും ( ഗ്രാമ വികസന വകുപ്പ് ഡയറക്ടർ മുഖാന്തിരം)

ദേശിയ സമ്പാദ്യ പദ്ധതിയിലെ എല്ലാ അസ്സിസ്റ്റന്റ് / ഡെപ്യൂട്ടി ഡയറക്ടർകാർക്കും ( ദേശീയ സമ്പാദ്യ പദ്ധതി ഡയറക്ടർ മുഖാന്തിരം)

തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്.

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)

ബിൽ/കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ.